സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

**(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)**

## സംഗ്രഹം

മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട മണിമംഗലം സബ്ഗ്രൂപ്പിലെ നീണ്ടൂർ ദേവസ്വത്തിലെ 2011 വർഷത്തെ സപ്താഹത്തിന് കാണിക്ക സ്വീകരിച്ച സ്പെഷ്യൽ കുടങ്ങൾ കാണാതായ സംഗതി – ശ്രീ. ആർ. രാമവർമ്മ (റിട്ടയേർഡ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മാവേലിക്കര ഗ്രൂപ്പ്) യുടെ വീഴ്ചകൾ സംബന്ധിച്ച് -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 1250/12/NS/Est-1** നന്തൻകോട്, **08/04/2016**

---

പരാമർശം :- (1) 28-05-2013 ലെ മേൽ നമ്പർ ഉത്തരവ്.
(2) ശ്രീ. ആർ. രാമവർമ്മയുടെ 25-02-2016 ലെ അപേക്ഷ.

## ഉത്തരവ്

മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട മണിമംഗലം സബ്ഗ്രൂപ്പിലെ നീണ്ടൂർ ദേവസ്വത്തിലെ 2011 ലെ സപ്താഹയജ്ഞത്തോടനുബന്ധിച്ച് കാണിക്ക സ്വീകരിക്കുന്നതിനായി അക്കാലയളവിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറായിരുന്ന ശ്രീ. ആർ. രാമവർമ്മ രണ്ട് സ്പെഷ്യൽ കുടങ്ങൾ സീൽ ചെയ്ത് മഹസ്സറിൽ രേഖപ്പെടുത്താതെ സബ്ഗ്രൂപ്പ് ആഫീസറെ ഏൽപ്പിച്ചിരുന്നു. തുടർന്ന് സപ്താഹവേദിയിൽ വച്ച് കാണിക്ക സ്വീകരിച്ച പ്രസ്തുത കുടങ്ങൾ പിന്നീട് കാണാതാവുകയും ചെയ്തു. ഇക്കാര്യം സംബന്ധിച്ച് നടത്തിയ ഗാർഹികാന്വേഷണത്തിൽ ടിയാന്റെ പേരിൽ ചുമത്തിയിരുന്ന രണ്ട് ചാർജ്ജുകളിൽ ഒന്നാമത്തേത് പൂർണ്ണമായും രണ്ടാമത്തേത് ഭാഗികമായും തെളിഞ്ഞതായി കണ്ടെത്തി. അതിന്റെ അടിസ്ഥാനത്തിൽ നടപടി ക്രമങ്ങൾ പാലിച്ചശേഷം ടിയാന്റെ ഒരു ഇംക്രിമെന്റ് സഞ്ചിത ഫലത്തോടുകൂടി തടയുന്നതിന് തീരുമാനിച്ച് ബോർഡുത്തരവായി (പരാമർശം - 1).

പ്രസ്തുത ഉത്തരവ് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളെ ബാധിച്ചിട്ടുള്ളതിനാൽ നഷ്ടപ്പെട്ട ഇൻക്രിമെന്റ് പുന:സ്ഥാപിച്ച് നൽകണമെന്നും ഇതിലേക്ക് സമയപരിധിയ്ക്കുള്ളിൽ തന്നെ ടിയാൻ അപേക്ഷ ബോർഡിൽ സമർപ്പിച്ചിരുന്നുവെന്നും മഹസ്സറിൽ ഉൾപ്പെടുത്താതെ കാണിക്ക കുടങ്ങൾ മുദ്രവച്ച് നൽകി എന്നുള്ള കുറ്റപത്രത്തിലെ ഒന്നാമത്തെ ചാർജ്ജ് സംബന്ധിച്ച് രണ്ട് കുടങ്ങൾ മുദ്രവയ്ക്കുന്നത് സംബന്ധിച്ച് സബ്ഗ്രൂപ്പ് ആഫീസറോ ജീവനക്കാരോ ടിയാനെ അറിയിച്ചിരുന്നില്ലെന്നും മണിമംഗലം ദേവസ്വത്തിൽ കാണിക്ക പൊട്ടിച്ചപ്പോൾ ഭക്തജനങ്ങളെയും ഉപദേശകസമിതി അംഗങ്ങളേയും കൊണ്ട് ഒപ്പ് ഇടുവിച്ചില്ലയെന്ന രണ്ടാമത്തെ ചാർജ്ജ് സംബന്ധിച്ച് ആയത് സബ്ഗ്രൂപ്പ് ആഫീസറുടെ കർത്തവ്യമാണെന്നും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആയിരുന്ന ടിയാന്റെ പേരിൽ ചുമത്തിയിട്ടുള്ള കുറ്റത്തിൽ നിന്നും മോചിപ്പിക്കണമെന്നും വിവരിച്ചുള്ള ശ്രീ. ആർ. രാമവർമ്മയുടെ അപേക്ഷ ലഭിച്ചു (പരാമരശം -2).

ബോർഡ് ടി വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. ആർ. രാമവർമ്മയുടെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടുകൂടി തടഞ്ഞുകൊണ്ടുള്ള 28-05-2013 ലെ ബോർഡുത്തരവ് പുന:പരിശോധിയ്ക്കണമെന്ന അപേക്ഷയും ടിയാൻ യഥാസമയം അപ്പീൽ അപേക്ഷ ബോർഡിൽ സമർപ്പിച്ചിരുന്നുവെന്നുള്ളതും പരിഗണിച്ച് സൂചന 1 ഉത്തരവ് ഭേദഗതി ചെയ്ത് ടിയാന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

**സെക്രട്ടറി**

(മറുപുറം)

8 EDP.

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ - നടപടിക്കായി
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മാവേലിക്കര
5. ശ്രീ. ആർ. രാമവർമ്മ, റിട്ടയേർഡ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മാവേലിക്കര - ദേവസ്വം കമ്മീഷണർ മുഖാന്തിരം.
6. EDP Section
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി

SK